## പതിനാലാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4193 — 13.12.2018-ൽ മറുപടിയ്ക്ക്

### കിഡ്നി രോഗികൾക്കുള്ള കാരുണ്യ ബെനവലന്റ് ഫണ്ട് സഹായം

| ചോദ്യം<br>ശ്രീ.പി.ടി.എ. റഹീം | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് കിഡ്നി രോഗികൾക്ക് നൽകുന്ന തുകയിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br>കിഡ്നി രോഗികൾക്ക് നൽകി വന്നിരുന്ന ചികിത്സാസഹായം 2 ലക്ഷം രൂപയിൽ നിന്നും 14.03.2017 -ലെ സ.ഉ.(ആർ.റ്റി) നം.197/17/റ്റി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | നേരത്തേ 2 ലക്ഷം രൂപ അനുവദിക്കുകയും ഡയാലിസിസ് നടത്തി വരികയും ചെയ്യുന്ന രോഗികൾക്ക് വർദ്ധിപ്പിച്ച തുകയുടെ ആനുകൂല്യം ലഭ്യമാക്കുമോ; എങ്കിൽ ആയതിന് പുതിയ അപേക്ഷ നൽകേണ്ടതുണ്ടോ; വിശദവിവരങ്ങൾ നൽകുമോ? | (ബി) | ലഭ്യമാകും.<br>പുതിയ അപേക്ഷ നൽകേണ്ടതുണ്ട്. ചികിത്സിക്കുന്ന ആശുപത്രികളിലെ ഡോക്ടറുടെ എസ്റ്റിമേറ്റ്, റേഷൻ കാർഡിന്റെ കോപ്പി, രോഗിയുടെ വീട് കാണത്തക്ക വിധത്തിലുള്ള കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന ഫോട്ടോ എന്നിവയുൾപ്പടെ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ രോഗിയുടെ റേഷൻ കാർഡ് ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ